# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4911      23.03.2018-ൽ മറുപടിക്ക്

## ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് : | | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം കാസർഗോഡ് താലൂക്കിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എങ്കിൽ വിശദമാക്കാമോ; | എ) | ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം 51 അപേക്ഷകൾ ലഭിച്ചിരുന്നു. |
| ബി) | പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇവരുടെ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; | ബി) | 3 പേർക്ക് 10 സെന്റിൽ കൂടുതൽ ഭൂമി ഉള്ളതിനാലും 2 പേർ ഊരുകൂട്ടം ലിസ്റ്റിൽ ഉൾപ്പെടാത്തതിനാലും പദ്ധതി ആനുകൂല്യത്തിന് അർഹരല്ല. 7 പേരുടെ കാര്യത്തിൽ വാങ്ങാൻ പോകുന്ന ഭൂമിയുടെ ആവശ്യമായ രേഖകളെല്ലാം ഹാജരാക്കിയിട്ടില്ല. അപേക്ഷകരുടെ അർഹതയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ചിട്ടുണ്ട്. അപേക്ഷകരിൽ അർഹതയുള്ള 39 പേർ കണ്ടെത്തിയ ഭൂമി കാസർഗോഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ചു. |
| സി) | സ്ഥല പരിശോധന നടത്തി ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലേക്ക് അയക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | സി) യും ഡി) യും | ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയിലേക്ക് മതിയായ വഴി സൗകര്യം ഇല്ലായെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ കാസർഗോഡ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൂടി സ്ഥല സന്ദർശനം നടത്തിയതിന് ശേഷം ടി അപേക്ഷ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലേക്ക് നൽകുകയുള്ളൂ എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത ഭൂമി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ പരിശോധിച്ചിട്ടില്ല.<br><br>എന്നാൽ 03.03.2018-ലെ സ.ഉ(എം.എസ്) നം.21/2018/പജപവവിവ പ്രകാരം മുൻഗണനാ ക്രമത്തിൽ ഈ 39 പേർക്ക് ഭൂമി വാങ്ങി നൽകുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | ഈ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ ആദിവാസികൾ നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന നടത്തി ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലേക്ക് അയച്ച് ഇവർക്ക് ഭൂമി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ